നമ്പർ: എച്ച് 2/04/PR/15 EC

സിറ്റി പോലീസ് ഓഫീസ്,
തീയതി: 23/5/2015

കാരണം കാണിക്കൽ നോട്ടീസ്

വിഷയം : അച്ചടക്ക നടപടി – സി പി ഒ 8537 മൂസ്സാനെതിരെയുള്ള ശിക്ഷാവിവരപത്രികയിൽ താൽക്കാലിക ഉത്തരവ് – കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത്– സംബന്ധിച്ച്.

വായന : 1) ഫയൽ നം: എ5(ബി)52032/ഇ.സി.
2) ഉത്തരവ് നം. എച്ച്2–/67685/2014 ഇ സി തീയതി 17/12/2014.
3) കൊച്ചി സിറ്റി ഇൻഫോപാർക്ക് പോലീസ് ഇൻസ്പെക്ടർ സമർപ്പിച്ച ശിക്ഷാ വിവര പത്രിക.

കൊച്ചി സിറ്റി ട്രാഫിക് ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ പ്രവൃത്തിയെടുത്തിരുന്ന ശ്രീ. പി.എം. മൂസാൻ, PC 8537-ന് വിദേശത്ത് ജോലി നോക്കുന്നതിനായി, 01.12.2003 തീയതിയിലെ G.O.(Rt) No.2305/2003 Home പ്രകാരം, 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചിരുന്നതും, 13.12.2003 F.N.-ൽ ടിയാനെ വിടുതൽ ചെയ്തിട്ടുള്ളതും, തുടർന്ന് 08.09.2008 തീയതിയിലെ G.O.(Rt) No.2810/2008 Home പ്രകാരം, 13.12.2008 മുതൽ 5 വർഷത്തേക്കു കൂടി, ടിയാന് ശൂന്യവേതനാവധി അനുവദിച്ചിട്ടുള്ളതുമാണ്. ആയതുപ്രകാരം, 13.12.2013 തീയതിയിൽ അവധിയുടെ കാലാവധി പൂർത്തിയായിട്ടും ടിയാൻ നാളിതുവരെ അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകുകയോ, തിരികെ ജോലിയിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. ഇക്കാര്യത്തിൽ ടിയാനോട് വിശദീകരണം ബോധിപ്പിക്കുവാനാവശ്യപ്പെട്ടു കൊണ്ട് 15.11.2014 തീയതിയിലെ A5(b) 52032/10 ഇ.സി പ്രകാരം നോട്ടീസ് നൽകിയിരുന്നതുമാണ്.

ഇത്തരത്തിൽ, 13.12.2003 മുതൽ 5 വർഷത്തെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും, 13.12.2008 മുതൽ 5 വർഷത്തേക്കു കൂടി, ടി അവധി ദീർഘിപ്പിക്കുകയും ചെയ്ത CPO 8537 മൂസ്സാൻ 13.12.2013 തീയതിയിൽ തിരികെ സർവ്വീസിൽ പ്രവേശിക്കേണ്ടതായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ നോട്ടിസ് നൽകിയിട്ടും, ടിയാൻ തിരികെ ജോലിയിൽ പ്രവേശിക്കാതിരുന്നത് തികച്ചും, ഗുരുതരമായ അച്ചടക്കലംഘനവും കൃത്യവിലോപവുമാണ്. ആയതിനാൽ ടിയാനെതിരെയുള്ള മേൽ ആരോപണങ്ങളെക്കുറിച്ച് 1958–മാണ്ടിലെ കേരളാ പോലീസ് വകുപ്പ് അന്വേഷണവും, ശിക്ഷയും, അപ്പീലും ചട്ടങ്ങളിലെ 6–ാം വകുപ്പ് പ്രകാരം, വിശദമായ ഒരു വാച്യാന്വേഷണം നടത്തി ശിക്ഷാവിവര പത്രിക സമർപ്പിക്കുന്നതിന് ടി ചട്ടങ്ങളിലെ തന്നെ 8 (i)(iii) വകുപ്പുകൾ പ്രകാരം, കൊച്ചി സിറ്റി ഇൻഫോപാർക്ക് പോലീസ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തി കൊണ്ട് സൂചന (2) പ്രകാരം ഉത്തരവായിട്ടുള്ളതും സൂചന (3) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ ശിക്ഷാ വിവര പത്രിക എഴുതി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതുമാണ്.

അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച ശിക്ഷാ വിവരപത്രികയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കുറ്റാരോപിതനിൽ ആരോപിച്ചിരിക്കുന്നതായ കുറ്റം ചെയ്തിരിക്കുന്നു എന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനത്തോട് പൂർണ്ണമായും യോജിക്കുന്നു. അന്വേഷണവേളയിൽ കുറ്റാരോപിതൻ അന്വേഷണത്തിന് സഹകരിച്ചിട്ടില്ല. ടിയാൻ ഇപ്പോഴും വിദേശത്താണെന്ന് മനസ്സിലാകുന്നു. കുറ്റാരോപിതൻ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുകയാണ്. അച്ചടക്ക സേനയിലെ ഒരു ഉദ്യോഗസ്ഥന് നിരക്കാത്ത രീതിയിൽ ഡ്യൂട്ടിയിൽ നിന്ന് അനധികൃതമായി വിട്ടു നിൽക്കുന്നത് ഗുരുതരമായ അച്ചടക്കരാഹിത്യവും ഉത്തരവാദിത്വമില്ലായ്മയുമാണ്. ആയതിനാൽ ടിയാന് ശിക്ഷയായി

ടിയാൻ ഡ്യൂട്ടിയിൽ നിന്ന് അനധികൃതമായി വിട്ടു നിന്ന 13.12.2013 തിയതി മുതൽ ടിയാനെ സർവ്വീസിൽ നിന്നും Remove ചെയ്യുന്നതിന് ( നീക്കം ചെയ്യുന്നതിന്) ഞാൻ താൽക്കാലികമായി തീരുമാനിക്കുന്നു. മേൽ തീരുമാനത്തിനെതിരായി നിങ്ങൾക്കെന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം നിങ്ങളിൽ നിന്നും രേഖാമൂലമുള്ള സമാധാനം ലഭിയ്ക്കാത്ത പക്ഷം ഇക്കാര്യത്തിൽ നിങ്ങൾക്ക് യാതൊന്നും തന്നെ ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ മേൽ താൽക്കാലിക തീരുമാനം സ്ഥിരീകരിക്കുന്നതായിരിക്കും.

ഒപ്പ് (23.5.2015)
ജില്ലാ പോലീസ് മേധാവി,
കൊച്ചി സിറ്റി

പേർക്ക് : CPO 8537 മൂസ്സാൻ ഒരു പകർപ്പ് കൊച്ചി സിറ്റി ട്രാഫിക് ഈസ്റ്റ് പോലീസ് സർക്കിൾ ഇൻസ്പെക്ടർ മുഖാന്തിരം.

പകർപ്പ്: കൊച്ചി സിറ്റി ട്രാഫിക് ഈസ്റ്റ് പോലീസ് സർക്കിൾ ഇൻസ്പെക്ടർ –ന് രണ്ട് പകർപ്പുകൾ ശിക്ഷാവിവരപത്രിക സഹിതം. ഒരു പകർപ്പ് ശിക്ഷാവിവരപത്രിക സഹിതം CPO 8537 മൂസ്സാന് നൽകി മറുപകർപ്പിൽ ടിയാന്റെ തീയതിയോടു കൂടിയ ലക്ഷ്യം സഹിതം മടക്കി അയക്കേണ്ടതാണ്. കാരണം കാണിക്കൽ നോട്ടീസ് ടിയാന് നേരിട്ട് നടത്തുവാൻ സാധിക്കാത്ത പക്ഷം പക്ഷം, 2 സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ടി നോട്ടീസും ശിക്ഷാവിവരപത്രികയും ടിയാന്റെ വീടിന്റെ മുൻവശത്ത് കാണുന്ന ഭാഗത്ത് ഒട്ടിച്ച് ടി സാക്ഷികളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള റിപ്പോർട്ട് ഈ ഓഫീസിലേക്ക് അയയ്ക്കേണ്ടതുമാണ്.

//അംഗീകാരത്തോടെ//

23/5
ജൂനിയർ സൂപ്രണ്ട്
23/5